# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

ജി.എച്ച്.എസ്.എസ് ചാത്തന്നൂർ

ചാത്തന്നൂർ പി.ഒ,പാലക്കാട്

സ്കൂൾ കോഡ് - 20009

chathanurghss@yahoo.in

# ആമുഖം

വൈജ്ഞാനികവും ,സാംസ്ക്കാരികവുമായ പാരമ്പര്യമുള്ള രാജ്യമാണ് നമ്മുടെ ഇന്ത്യ.സഹസ്രാബ്ദങ്ങൾക്കുമുമ്പുതന്നെ വൈജ്ഞ്യാനികമേഖലയിൽ നാം നേടിയനേട്ടങ്ങൾ വിലമതിക്കാനാവത്തതാണ്. ചരകൻ ശുശ്രുതൻ, ആര്യഭട്ടൻ തുടങ്ങിയ ശാസ്ത്ര ഗണിതശാസ്ത്ര പണ്ഡിതന്മാരുടെ ര ാജ്യമാണ് നമ്മുടേത്. ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും എടുത്ത് പറയാവുന്ന നിരവധി അമൂല്യഗ്രന്ഥങ്ങൾ രചിക്കുന്നതിൽ മഹാമുനിമാരും ഋഷീശ്വരൻമാരും വലിയ സംഭാവനകളാണ് നൽകിയത്. അതിപുരാതനകാലം മുതൽക്കുതന്നെ വൈജ്ഞാനിക മേഖലയിൽ തനതായ വ്യക്തിമുദ്ര പതിപ്പിക്കാൻ പ്രാപ്തിയുള്ള ഗുരുകുലസംമ്പ്രദായമാണ് നമ്മുടെ രാജ്യത്ത് നിലനിന്നിരുന്നത്.

ഗുരുവോടൊന്നിച്ച് ഗുരുവിന്റെ ഭവനത്തിൽതന്നെ ശാസ്ത്രം ,ഗണിതശാസ്ത്രം സാമൂഹ്യശാസ്ത്രം ആയോധനകല ഭാഷ വ്യാകരണം കൃഷി മറ്റ് ഉപജീവനമാർഗ്ഗങ്ങൾ തൊഴിൽവൈദഗ്ധ്യം എന്നിവ ഗുരുവിൽനിന്നും ശിഷ്യന്മാർ സ്വായത്ത മാക്കിയിരുന്നു. ഇവിടെ ഗുരു സകലകലാവല്ലഭനായിരുന്നു.ഇവിടെ ഗുരു സകലകലാവല്ലഭനായിരുന്നു എന്നുതന്നെ പറയാം .

ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വിജ്ഞാനത്തിന്റെ വെള്ളിവെളിച്ചം എത്താതിരുന്നകാലത്ത് നമ്മുടെ രാഷ്ട്രം അറിവിന്റെ മേഖലയിൽ വലിയസംഭാവന നൽകുകയുണ്ടായി ഉദാഹരണമായി ദശാംസസംഖ്യകൾ വൈജ്ഞാനമേഖലയിൽ സംഭാവനനൽകിയവർ നമ്മളാണ്.

ഇന്ത്യ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കച്ചവടത്തിനെത്തിയ അറബികൾ വിജ്ഞാനരംഗത്ത് വലിയരു മുന്നേറ്റം പാശ്ചാത്യർക്ക് പകർന്നുനൽകുകയാണുണ്ടായത്.വിശ്വപ്രശസ്തമായ നളന്ദ തക്ഷശില തുടങ്ങിയ സർവകലാശാലകളും ,മലയാളത്തിലെ രേവതി പട്ടത്താനവും തകലിപികളാൽ ആലേഖനം ചെയ്യപ്പെട്ടതാണ്.

കേരളത്തിന്റെ വിദ്യാഭ്യാസ മേഖല ഗൗരവതരമായ ചർച്ചകളാലും ഇടപെടലുകളാലും വലിയൊരുമുന്നേറ്റത്തിന്റെ പാതയിലാണ്.പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക, ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുക എന്നലക്ഷ്യത്തോ ട സർക്കാർ തുടങ്ങിവെച്ച കേരളജനത ആവേശപൂർവ്വം സ്വീകരിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞനം വൈവിധ്യമാർന്ന വിദ്യാലയ ശാക്തീകരണ പരിപാടികളോടെ മുന്നേറികൊണ്ടിരിക്കുന്നു. ജനകീയവിദ്യാഭ്യാസത്തിന് പുതുമാനം കൈവരിക്കുകയാണ്.മാറുന്ന കാലത്തിനനുസരിച്ച് വിദ്യാലയത്തിലെ ഭൗതികപഠനാന്തരീക്ഷവും മാറേണ്ടിയിരിക്കുന്നു. ഹൈടെക്ക് ക്ലാസ്റുമുകൾ, ഐ.ടി.ലാബുകൾ ,മനോഹരമായകെട്ടിടങ്ങൾ എന്നിവനമ്മുടെ കുട്ടികളുടെ അവകാശങ്ങളാണ്.

ഓരോസ്ക്കുളും വളരെ ദീർഘവീക്ഷണത്തോടുകൂടി 5 വർഷം കൊണ്ട് ചെയ്തീർക്കാവുന്ന പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിരിക്കുന്നത്.ഇത്തരത്തിലുള്ള ഒരു പ്രവർത്തനത്തിന്റെ,സ്വപ്നസാക്ഷാത്ക്കാരത്തിന്റെ ചാലകശക്തി പൊതുസമൂഹവും രക്ഷിതാക്കളും തന്നെയാണ്.

പൊതുസമൂഹവും രക്ഷിതാക്കളും പൊതുവിദ്യാലയങ്ങൾക്ക് കരുത്തുപകരാൻ അണിചേരുകയാണ്.നൂതനവും വ്യത്യസ്തവും സർകാത്മകവുമായ വഴികളിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.പുതിയഅന്വോഷണങ്ങൾ ഏറ്റെടുക്കാനും ,നവീനമായ ആശയങ്ങൾ ഉത്പാദിപ്പിക്കാനും മാതൃകാപരമായ കർമപദ്ധതികൾ രൂപപ്പെടുത്തേണ്ടതുണ്ട് എങ്കിൽമാത്രമേ ഓരോ വിദ്യാലയത്തേയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻകഴിയൂ.പൊതുവിദ്യാലയങ്ങൾ അഭിമാനപൂർവ്വം സമൂഹത്തനുമുന്നിൽ അവതരിപ്പിക്കുന്ന ഈ നേട്ടങ്ങൾ ശോഭനമായഒരുനാളയിലേക്കാണ് വിരൽചൂണ്ടുന്നത്. മികവിന്റെ പാത പുതിയ ചിന്തകൾക്കും പാതയൊരുക്കുകയാണ്.

മാസ്റ്റർപ്ലാൻ അവതരണത്തോടെ ഓരോവിദ്യാലയവും ധീരമായ ഒരു പ്രഖ്യാപനം കൂടി നടത്തുകയാണ്.ഒരോകുട്ടിയുടേയും ഗുണമേന്മാവിദ്യാഭ്യാസമെന്ന അവകാശം ഉറപ്പുവരുത്തുന്നതിനുള്ള കർമപരിപാടികളും അവസമയബന്ധിതമായി നടപ്പാക്കുമെന്ന ഉറപ്പുനൽകുകയും കൂടി വിദ്യാലയത്തിന്റെ പ്രകടനപത്രികയാണ്.കൂടാതെ അന്താരാഷ്ടതലത്തിൽ പഠിക്കുന്ന സമപ്രായക്കാരായ കുട്ടികൾക്കൊപ്പം നമ്മുടെ മക്കളും വിദ്യാഭ്യാസാനുഭവം പങ്കുവെക്കാൻ പ്രാപ്താക്കം വിധം പൊതുവിദ്യാലയങ്ങൾ ഉണരാൻ പോകുന്നു എന്നതിന്റെ ആദ്യസൂചനയാണ് അക്കാദമിക്ക് മാസ്റ്റർപ്ലാൻ അവതരണം.

# വിദ്യാലയചരിത്രം

പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് പഞ്ചായത്തിലെ ഏക ഹയർസെക്കന്ററി വിദ്യാലയമാമിത്.പ്രകൃതിരമണീയമായ 20 ഏക്കർസ്ഥലത്ത് സ്ഥിതിചെയ്യുന്ന എഴുപതാമാണ്ടിന്റെ നിറവിൽ എത്തിനിൽക്കുന്ന പഴക്കമുള്ള വിദ്യാലയമാണിത്.വള്ളുവനാടിന്റെ സാംസ്കാരികപൈതൃകം അതിന്റെ തിരുശേഷിപ്പുകളോടെ ഇന്നും ജിവിച്ചിരിക്കുന്ന പ്രദേശമാണ് തിരുമിറ്റക്കോട്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഈ പഞ്ചായത്ത് ഉളഅപ്പെടുന്ന മലബാർപ്രദേസത്തെ സാക്ഷരതാനിരക്ക് ഇരുപത്തിയഞ്ചോളം ശതമാനം മാത്രമായിരുന്നു.അന്ന് ഇവിടെ ഒരു സ്ക്കൂൾ ഉണ്ടായിരുനിനല്ല.ഇന്നത്തെ ഗവ എൽ.പി.സ്ക്കൂൾ ബോർഡ് എലിമെന്ററി സ്ക്കൂൾ എന്ന പേരിലാ○○ിരുന്നുഅറിയപ്പെട്ടിരുന്നത്.എന്നാൽ സ്വാതന്ത്രാനന്തരം ഒരോ പ്രദേശത്തും വിദ്യാലയങ്ങൾ സ്ഥാപിക്കാനും സാംസ്കാരികമായി ആപ്രദേശത്തെ ഉയർത്താനും ഉള്ള ശ്രമങ്ങളുടെ ഭാഗമായി വളർന്നുവന്നതാണ് ഇന്നത്തെ ചാത്തന്നൂർ ഗവ ഹയർസെക്കന്ററി സ്ക്കൂൾ.

ചാത്തന്നൂർ നിലയംകോട് മനക്കൽ നീലകണ്ഠൻ നമ്പൂതിരിപ്പടാണ് ഇതിന് മുന്നോട്ടിറങ്ങിയത്.ചാത്തന്നൂർ ബോർഡ്സ്ക്കൂളിന്റെ പ്രധാനാദ്ധ്യാപകനായിരുന്നു ഇദ്ദേഹം.അക്കാലത്ത് മലബാർസ്ക്കൂൾബോർഡിന്റെ കീഴിൽ 16 സ്ക്കൂൾ മാത്രമേ ഉണ്ടായിരുന്നുള്ളു.കൂടല്ലൂർമനക്കൽ കാവ് നമ്പൂതിരിപ്പാട് അദ്ധ്യക്ഷനായും നിലയംകോട് നീലകണ്ഠൻനമ്പൂതിരി കാര്യദർശിയായുളള സമിതിയിൽ കൂടല്ലൂർമനക്കൽ ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്, ഒഴുകിൽമനക്കൽ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്, കെ.ജി നമ്പൂതിരിപ്പാട് ,കരങ്ങനാട്ട് നാരായണൻ നമ്പരൂതിരിപ്പാട് ,കിഴക്കേടത്ത് അഷ്ടമൂർത്തി നമ്പൂതിരിപ്പാട്, ടി.പി.കുഞ്ഞുണ്ണിനമ്പ്യാർ, പി.ആർ.നമ്പ്യാർ,പി.വി.വാരിയർ ,എ.സി.ഭരതൻ തുടങ്ങിയവർ ഉൾപ്പെട്ടിരുന്നു.സ്ക്കൂൾനിർമിക്കാൻവേണ്ട സ്ഥലം കണ്ടെത്തുക എന്നതായിരുന്നു സമിതിയുടെ മുഖ്യലക്ഷ്യം .കാവു നമ്പൂതിരിപ്പാട് കക്കാട്ട് മനക്കൽ ഗോദവർമയേയും കൃഷ്ണനേയും സമീപിച്ച് പ്രശ്നം ഉന്നയിച്ചു.തുടർന്ന് ചേമ്പ്രകുന്നിന്റെ തെക്കേചെരിവിലുള്ല99 1 ഭാഗം സർവ്വെ നമ്പറിൽ ഉള്ല വസ്തുവഹകളിൽ നിന്ന് ആവശ്യമായസ്തലം ലഭിക്കുകയുണ്ടായി.1948-ൽ തൃത്താല സബ്രജിസ്ട്രാർ ഒഫീസിൽ 700-ാം നമ്പർ ആധാരപ്രകാരം18 ഏക്കർ 84 സെന്റ്ഭൂമി സ്ക്കൂളിനുവേണ്ടിദാനം ചെയ്തു. കേരളത്തിലെ ഏറ്റവും ഭൂവിസ്തൃതി○ുള്ള ഒരു വിദ്യാലയമായി ചാത്തന്നൂർഗവ ഹയർസെക്കന്ററി സ്ക്കൂൾഇങ്ങനെ ചരിത്രത്തിൽ സ്ഥാനം പിടിക്കുകയായിരുന്നു.

ഹയർസെക്കന്ററിയിൽ അദ്ധ്യാപകരും ,ഹൈസ്ക്കൂൾ വിഭാഗത്തിൽ
പേരും ഒഫീസ്കാര്യങ്ങൾക്കായി ജീവനക്കാരും ഇന്നിവിടെ പ്രവർത്തിച്ചുവരുന്നു.അഞ്ചുമുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ രണ്ടായിരത്തോളം കുട്ടികൾ പഠിക്കുന്നു.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ജി.എച്ച്.എസ്.എസ്.ചാത്തന്നൂർ |
| വിലാസം | : ചാത്തന്നൂർ പി.ഒ.,പാലക്കാട് ജില്ല.679535 |
| ഫോൺ നമ്പർ | : 0466 2259515 |
| സ്ക്കൂൾ കോഡ് | : 20009 |
| വിദ്യാഭ്യാസ ഉപജില്ല. | : തൃത്താല |
| റവന്യു ജില്ല | : ഒറ്റപ്പാലം |
| ബി.ആർ.സി. | : തൃത്താല |
| ഗ്രാമപഞ്ചായത്ത് | : തിരുമിറ്റക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് | : തൃത്താല |
| ജില്ലാപഞ്ചായത്ത് | : പാലക്കാട് |
| താലൂക്ക് | : പട്ടാമ്പി |
| വില്ലേജ് | : തിരുമിറ്റക്കോട് |

# നിലവിലെ അവസ്ഥ വിശകലനം

രണ്ടായിരത്തോളം കുട്ടികൾ പഠിക്കുന്ന വിദ്യാലയത്തിന് മികച്ചതെന്നവകാശപ്പെടാൻ കഴിയാത്ത ഭൗതികസാഹചര്യങ്ങളാണ് ഉള്ളത്. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത അക്കാദമിക്ക് പ്രവർത്തനഹ്ങളേയും ബാധിക്കുന്നുണ്ട്.വിദ്യാലയത്തോളം തന്ന പഴക്കമുള്ള കെട്ടിടങ്ങൾ,ചോർന്നൊലിക്കുന്ന ക്ലാസ്മുറികൾ.സ്ക്കൂളിന് 70 വർഷത്തെ പഴക്കമുണ്ട്.അത്രത്തോളം തന്നെ പഴക്കം ക്ലാസ്മുറികൾക്കുണ്ട്.

- ക്ലാസ്മുറികളുടെ അപര്യാപ്തത
- അടച്ചുറപ്പില്ലാത്ത ക്ലാസ്മുറികൾ
- കുട്ടികൾക്ക് ഒപ്പമിരുന്ന് ഭക്ഷണം കഴിക്കാനുള്ള ഭക്ഷണശാല
- എല്ലാ കുട്ടികൾക്കും ലഭ്യമാകത്തക്കവിധം കുടിവെള്ളപദ്ധതി
- പഴയ ഒടിട്ട കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ
- ഉൾപ്രദേശങ്ങളിൽ നിന്നും സ്ക്കൂളിൽ എത്തിച്ചേരാൻ ചെറിയബസ്സുകൾ ഒഴിച്ചു കടാനാവാത്ത ഒന്നാണ്.
- പെയ്ന്റു ചെയ്യാത്ത ക്ലാസ് റും ചുമരുകൾ
- സ്ക്കൂൾ ഗ്രന്ഥശാലാനവീകരണം
- ലബോറട്ടറി നവീകരണം

# H S SECTION

മേഖല : അക്കാദമികം
വിഷയം : ഹിന്ദി.

## പൊതുവായ ലക്ഷ്യങ്ങൾ.

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
* ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രോത്സാഹിപ്പിക്കുന്നു.

എട്ടാംതരം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കേട്ടെഴുതാനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ജൂൺ- ജൂലൈ |
| ആളുകളുടെ പേരുകൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനത്തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ഓഗസ്റ്റ്- സെപ്റ്റംബർ. |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. പാഠഭാഗം വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കൈയെഴുത്ത്, പദസൂര്യൻ, എന്നിവ നൽകുന്നു. ചെറുകവിതകൾ വായനയ്ക്കായി നൽകുന്നു. | — ഡിസംബർ- ജനുവരി. |

## ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം. |
| --- | --- | --- |
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളുടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ജൂൺ- ജൂലൈ. |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. | ആഗസ്റ്റ്- സെപ്റ്റംബർ. |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകികൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു | നവംബർ- ഡിസംബർ |

## പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ജൂൺ- ജൂലൈ. |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി വാരാഘോഷം സമയത്ത് ഹിന്ദി മഹോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ. |

| | | |
|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ് കരിക്കുന്നു. കഥയെ തിരക്കഥയായി മാററു വാനറിയുന്നു. സ്വഭാവ സവിശേഷ തകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയു ന്നു. ഡയറി എഴു തുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതു വാനുള്ള നിർദ്ദേശം നൽകുന്നു. | നവംബർ ആദ്യവാരം |
| | | |

# ACADEMIC MASTER PLAN BIOLOGY 2025 - 2026

G.H.S.S. CHATHANUR

| SL No: | AIM | ACTIVITY | DURATION | RESPONSIBILITY | SOURCE OF FUND. |
|---|---|---|---|---|---|
| 1 | ജീവശാസ്ത്ര ലാബ് നവീകരിക്കുന്നതിന്. | 8, 9, 10 ക്ലാസുകളിലെ ബയോളജി പാഠഭാഗങ്ങളിലൂടെ പരീക്ഷണങ്ങളും, മറ്റ് പ്രവർത്തനങ്ങളും വിനിമയം ചെയ്യുന്നതിന് ആവശ്യമായ അടിസ്ഥാന ലാബ് സാമഗ്രികളുടെ ശേഖരണം. | അക്കാദമിക വർഷം മുഴുവൻ | ജീവശാസ്ത്ര അധ്യാപകർ | PTA<br>പഞ്ചായത്ത്<br>ജില്ലാ പഞ്ചായത്ത് |
| 2. | ജീവശാസ്ത്ര പഠനത്തിൽ നിരീക്ഷണം, വിവരശേഖരണം പഠനയാത്ര ഇവയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന്. | ജൈവവൈവിധ്യം, ജൈവവൈവിധ്യ ശോഷണം, ജൈവവൈവിധ്യം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം എന്നിവ മനസ്സിലാക്കുന്നതിനും പ്രകൃതിയെ നേരിട്ടറിയാനും ഉതകുന്ന തരത്തിലൂടെ പഠനയാത്രകൾ സംഘടിപ്പിക്കൽ | ഒക്ടോബർ, നവംബർ മാസങ്ങൾ | ജീവശാസ്ത്ര അധ്യാപകർ | PTA. |
| 3. | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | • സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത കാമ്പസ്<br>• പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം നിർമ്മിക്കൽ<br>• പൂന്തോട്ടം ഒരുക്കൽ<br>• വിദ്യാലയാങ്കണത്തിലൂടെ മരങ്ങളെ സംരക്ഷിക്കുകയും Name board സ്ഥാപിക്കുകയും ചെയ്യുക. | അക്കാദമിക വർഷം മുഴുവൻ | സയൻസ് ക്ലബ്<br>പരിസ്ഥിതി ക്ലബ്<br>ഹരിതം ക്ലബ് | |

| SL NO | AIM | ACTIVITY | DURATION | RESPONSIBILITY | SOURCE OF FUND |
|---|---|---|---|---|---|
| 4. | ജീവശാസ്ത്ര പഠനത്തിൽ ക്രിയാത്മകതയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിന്. | 8,9,10 ബയോളജി പാഠഭാഗങ്ങൾ എളുപ്പത്തിൽ പഠിക്കാൻ, ആവശ്യമായ മോഡലുകൾ നിർമിക്കുന്നു. (വർക്കിങ്ങ് മോഡലുകൾ, സ്റ്റിൽ മോഡലുകൾ, ചാർട്ടുകൾ) | അക്കാദമിക വർഷം മുഴുവൻ | ജീവശാസ്ത്ര അധ്യാപകർ | |
| 5. | ജീവശാസ്ത്ര പഠനത്തിൽ സാങ്കേതിക വിദ്യയുടെ ഉപയോഗം മനസ്സിലാക്കുന്നതിന്. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ, സമഗ്ര ലേണിങ്ങ് റിസോഴ്സ് ചോദ്യ ബാങ്ക് ഇവ പരിചയപ്പെടുത്തുന്നു.<br>• ഉപയോഗപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുന്നു.<br>• ആനിമേഷൻ വീഡിയോകൾ നിർമിക്കുന്നു | അക്കാദമിക വർഷം മുഴുവൻ. | ജീവശാസ്ത്ര അധ്യാപകർ<br>• ക്ലാസിലെ Little kite അംഗങ്ങളായ കുട്ടികൾ | |
| 6. | ജീവശാസ്ത്രത്തിൽ ജനിതകശാസ്ത്രത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിന് | ജനിതകശാസ്ത്ര മേഖലയിൽ വൈദഗ്ദ്യം നേടിയ വ്യക്തിയുടെ ക്ലാസ്. | ആഗസ്റ്റ്. | ജീവശാസ്ത്ര അധ്യാപകർ | PTA<br>SCHOOL. |

# GHSS CHATHANUR 2025-26

## അക്കാദമിക മാസ്റ്റർപ്ലാൻ

### ഊർജതന്ത്രം

ക്ലാസ് : ഹൈസ്കൂൾ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | SmArTiEs ശാസ്ത്ര ലാബ് | വിദ്യാലയങ്ങളിലെ പഠനപിന്തുണാ സംവിധാനങ്ങളിൽ ഒന്നാണ് ശാസ്ത്ര ലാബ്. ഓരോ കുട്ടിക്കും ശാസ്ത്ര തത്വങ്ങൾ പ്രവർത്തനത്തിലൂടെ തിരിച്ചറിയാൻ സാധിക്കുന്ന തരത്തിലുള്ള ലാബ് സൗകര്യങ്ങൾ. | അക്കാദമിക വർഷം | പി ടി എ , ശാസ്ത്ര അധ്യാപകർ | പി ടി എ,പൂർവ്വ വിദ്യാർത്ഥി സംഘടനകൾ | |
| 2 | ലിറ്റിൽ റീഡർ - ക്ലാസ്തല ലൈബ്രറി | ഓരോ കുട്ടിയേയും വായനയുടെ ലോകത്തേക്ക് കൊണ്ടുവരാനുള്ള ശ്രമം എന്ന നിലയിൽ കുട്ടികളെ ഉൾപ്പെടുത്തിയുള്ള ക്ലാസ് ലൈബ്രറി. | അക്കാദമിക വർഷം | കുട്ടികളും അധ്യാപകരും | കുട്ടികളും അധ്യാപകരും | |
| 3 | ബ്ലാക്ക് ബോർഡ് വണ്ടേർസ് - ചോക്ക് സ്റ്റുഡിയോ | സ്കൂൾ ശാസ്ത്ര പ്രവർത്തനങ്ങളുടെ ഭാഗമായി അധ്യാപകരുടെ സഹായത്തോടെ കുട്ടികൾ തന്നെ സ്കൂളിലേക്കുള്ള ചോക്ക് നിർമ്മാണം. | നവംബർ | അധ്യാപകർ | അധ്യാപകർ, പി ടി എ | |

# GHSS CHATHANUR 2025-26

അക്കാദമിക്ക് മാസ്റ്റർ പ്ലാൻ
രസതന്ത്രം

ഹൈസ്കൂൾ തലം

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ. | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്ര ലാബ് | പരീക്ഷണങ്ങളിലൂടെ വിവിധ രാസപ്രവർത്തനങ്ങൾ കുട്ടികൾക്ക് സ്വയം ചെയ്യാനുള്ള കഴിവ് നേടുന്ന സംയുക്തങ്ങളുടെ മോഡലുകൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം | അക്കാദമിക വർഷം | പിടിഎ ശാസ്ത്ര അധ്യാപകർ | പിടി എ ജില്ലാ പഞ്ചായത്ത് അലുമിനി |
| 2 | ശാസ്ത്ര ചുമർ നിർമ്മാണം | ആവർത്തന പട്ടിക മൂലകങ്ങളുടെ ഘടന സെല്ലുകളുടെ ചിത്രം എന്നിവയെ കുറിച്ച് അവബോധം സൃഷ്ടിക്കാൻ സാധിക്കുന്നു | അക്കാദമിക വർഷം | പിടിഎ ശാസ്ത്ര അധ്യാപകർ | പി ടി എ |
| 3 | ശാസ്ത്രാ മാസിക പ്രസിദ്ധീകരണം റിസർച്ച് പേപ്പർ അവതരണം | കുട്ടികളുടെ ചിന്താശേഷിയെ പരിപോഷിപ്പിക്കാനും ശാസ്ത്രലോകത്തിലെ വിസ്മയങ്ങളെ കുറിച്ചും കണ്ടുപിടിത്തങ്ങളെ കുറിച്ചും ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രത്തെ കുറിച്ചും അറിവ് നേടുന്നു<br>നൂതന ശാസ്ത്ര തത്വങ്ങളെ കുറിച്ച് റിസർച്ച് പേപ്പർ അവതരിപ്പിച്ച് കൂടുതൽ ആഴത്തിൽ പഠിക്കുന്നതിനും റിസർച്ച് മേഖലയിൽ താല്പര്യം ഉണ്ടാക്കുന്നതിനും സഹായിക്കുന്നു | അക്കാദമികവർഷം | ശാസ്ത്ര അധ്യാപകർ | പി ടി എ |

# ANNUAL YEAR PLAN 2025-2026 ENGLSH - HS

## GHSS CHATHANUR

| sl no | Activity | Time | Fund | charge |
|---|---|---|---|---|
| | **JUNE** | | | |
| 1 | Preliminary test conducted for all 8th ,9th &,10th students evaluated based on test | june first week | | English teachers |
| 2 | Environmental day celebration-poster making by English club | 5th june | | English teachers |
| 3 | Anti Drug Day slogans and plug card created by students club members | 26th june | | English teachers |
| 4 | Portions are completed forJune and unit test conducted in each class | 30th june | | English teachers |
| | **JULY** | | | |
| 5 | Decided to publish Monthly Newspaper including the school activities | first week | | English teachers |
| 6 | Posters and drawing by children to celebrate moon day by club | 20th july | | English teachers |
| 7 | portions are completed for july and unit test conducted in each class | 31st july | | English teachers |
| 8 | New Students are enrolled for English club | last week | | English teachers |
| | **August** | | | |
| 9 | Started revision for first term exam | first week | | English teachers |
| 10 | English Club inaguration | 1st august | | English teachers |
| 11 | June monthly school newspaper published by 9 std students | 1st august | | English teachers |
| 12 | Patriotic song sung by English club forIndependence day | 15th august | | English teachers |
| | **September** | | | |
| 13 | first term question paper discussion | 12th sep | | English teachers |
| 14 | August monthly newspaper published by 8th std | 15th sep | | English teachers |
| 15 | Dr Radhakrishnan profile and collage created by English club for Teachers Day | second week | | English teachers |
| 16 | Poem recitation for 8th std students | 22nd sep | | English teachers |
| 17 | Remedial teaching for backward students | second week | | English teachers |
| | **october** | | | |
| 18 | English Assembly | first week | | English teachers |
| 19 | Skit and Puppet show | third week | | English teachers |
| 20 | poster making and quotes writing about Gandhiji | first week | | English teachers |
| 21 | portion completion for october to all classes | 30th oct | | English teachers |
| 22 | unit test conducted | last week | | English teachers |

| | | | | |
|---|---|---|---|---|
| 23 | Newspaper of September published | last week | | English teachers |
| | november | | | |
| 24 | ENGLISH FEST celebration and English Exhibition | first week | | English teachers |
| 25 | childrens day celebration speech | 14th nov | | English teachers |
| 26 | second term portions are to be completed | 30th nov | | English teachers |
| 27 | unit test conducted | 30th nov | | English teachers |
| 28 | october newspaper published | second week | | English teachers |
| | december | | | |
| 29 | revision started for 2n d term | first week | | concern English trs |
| 30 | unit test conducted for all classes | second week | | concern English trs |
| 31 | reading and handwritting competetion for all classes | first week | | English teachers |
| 32 | November newspaper published | first week | | English teachers |
| | january | | | |
| 33 | Target students are given separate module,A+ ,b+ modules given to | first week | | concern English trs |
| 34 | question paper discussions | first week | | concern English trs |
| 35 | Aim to get everyone above c+ | first week | | concern English trs |
| 36 | republic day speech,patriotic song,prayer,posters | 26th jan | | English teachers |
| 37 | December newspaper published | 26th jan | | English teachers |
| | february | | | |
| 38 | portion of 8th and 9th completed | 28th feb | | concern English trs |
| 39 | 10th unit test started | first week | | concern English trs |
| 40 | revision test for annual exam | second week | | concern English trs |
| 41 | January news paper published | third week | | English teachers |
| | | | | |

# വാർഷിക പ്ലാൻ (മാസ്റ്റർ പ്ലാൻ) Sanskrit - HS

| മാസം | പ്രവർത്തനങ്ങൾ | ചുമതല |
| --- | --- | --- |
| ജൂൺ | അക്ഷരപഠനം<br>വായന<br>വായന മത്സരം<br>മികവുകൾ പരിമിധികൾ കണ്ടെത്തുന്നു<br>ക്ലബ് രൂപീകരണം<br>രചനാ മത്സരങ്ങൾ<br>ക്വിസ് മത്സരങ്ങൾ<br>പോസ്റ്ററർ രചന<br>.............<br>..............<br>................. | സംസ്കൃതം |
| ജൂലൈ | പദകോശം, ശബ്ദകോശം നിർമാണം<br>ചങ്ങലവായന, പുതിയ പദങ്ങൾ കണ്ടെത്തൽ<br>ലൈബ്രറി പുസ്തക വായന, രചനാ മത്സരങ്ങൾ<br>ദിനാചരണം, അസംബ്ലികൾ<br>വീഡിയോ നിർമ്മാണം<br>.....................<br>.....................<br>.....................<br>....................... | സംസ്കൃതം |
| | ചിത്രപദകോശം നിർമ്മിക്കൽ,<br>വാചകം നിർമ്മിക്കൽ, | സംസ്കൃതം |

| | | |
|---|---|---|
| ആഗസ്റ്റ് | ലാംഗ്വേജ് ലാബ്<br>വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ<br>കർഷകനെ ആദരിക്കൽ<br>..............................<br>.......................... | |
| സെപ്റ്റംബർ | വാക്യരചന, ചിത്രയോജനം<br>ഡിക്ഷ്ണറി നിർമ്മാണം<br>വിദ്യാലയം-കുടുംബം-പ്രദേശം ചരിത്രരചന | സംസ്കൃതം |
| | | |

| | | |
|---|---|---|
| ഒക്ടോബർ | ചിത്രീകരണം, പ്രദർശിനി, സമ്പുടനിർമ്മാണം<br>വേഡ് മേക്കിങ് ഗെയിം<br>മാഗസിൻ നിർമ്മാണം<br>ക്വിസ് മത്സരങ്ങൾ, മത്സര പരീക്ഷകൾ | സംസ്കൃതം |
| നവംബർ | അക്ഷരശ്ലോക സദസ് ,നാടകകളരി | സംസ്കൃതം |
| ഡിസംബർ | ഹസ്തലിഖിത മാസികാ നിർമാണം.സംസ്കൃതം | സംസ്കൃതം |

| | | |
|---|---|---|
| ജനുവരി | സംഭാഷണ കക്ഷ്യാ ,<br>പഠനയാത്രകൾ | സംസ്കൃതം |
| ഫെബ്രുവരി | സെമിനാറുകൾ<br>എല്ലാ പ്രവർത്തനങ്ങളുടെയും വിലയിരുത്തൽ<br>മികവുകളുടെ അവതരണം | സംസ്കൃതം |
| മാർച്ച് | പരീക്ഷകൾ | |

# ACADEMIC MASTER PLAN – MATHEMATICS

## 2025-26

**Learn Math, Live Math, Love Math**

## Vision

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

## Mission

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.

- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാഡമിക്, നോൺ അക്കാഡമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.

- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ് ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ് ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ്– ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week - തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് – ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണുകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക്ഷോപ്പ്<br>• Weekly Maths Joutnal പ്രസിദ്ധീകരിക്കുന്നു.<br>• Maths Talent Test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | • ഗണിതക്വിസ്സ് മത്സരം<br>• ഗണിത മാഗസിൻ<br>• Peer Tutoring – Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gobra ൽ പ്രത്യേക പരിശീലനം<br>• Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം |

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് – വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br>• Maths Pazzle Day സംഘടിപ്പിക്കുക (2nd Week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (Without '0' the world is nothing, Write a letter to zero)<br>• Nov-4 ശകുന്തള ദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സാമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം-അടിക്കുറിപ്പ്<br>9. ചിത്രം-കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ-വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

## മേഖല – ഹൈസകുശ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

# U P SECTION

# U.P English

| Objectives | Activities | Duration | Responsibility |
| --- | --- | --- | --- |
| * To enhance listening and speaking | — English assembly<br>— Use School radio to telecast English news, story time and other activities<br>— One minute speech<br>— Speech competition<br>— Recitation competition | June — August | English teacher, English club. |
| * To enable the students to learn language elements effectively | — Dialogue making, Language games<br>— Use of $E^3$ language laboratory | once in a week | English club |
| * To encourage the learner to practice expressive reading | — Reading card activities<br>— Quiz<br>— Spell bee competition<br>— Book review competition<br>— Reading competition | Academic year | English teacher, English club |

| | | | |
|---|---|---|---|
| * To enrich English writing | → Essay competition<br>→ Poster making<br>→ Conversation<br>→ Add more lines | November<br>–<br>December | English teacher |

# ACADEMIC MASTER PLAN MALAYALAM - G.H.S.S. CHATHANUR 2025-26

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മൂന്ന് വർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിന് വിരാമം. | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. | അവധിക്കാലം | PTA, HM | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷിവികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം : പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി : അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി | ജൂൺ മാസം | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ആസ്വാദനം എന്നിവ വളർത്തുന്നു. | | | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് : അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ | |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | വാർത്താലോകത്തേക്ക് : പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | വായനാ ദിവസവും | മലയാളം അധ്യാപകർ | |

മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | വാർത്താവായന : നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് | പ്രതിമാസം | മലയാളം ക്ലബ് | |

| | | | | |
|---|---|---|---|---|
| | അവസരം നൽകുന്നു.<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ് | മലയാളം ക്ലബ് |
| സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ. | സംവാദം/മുഖാമുഖം :<br>സാഹിത്യകാരൻമാർ, എഴുത്തുകാർ കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | HM, മലയാളം അധ്യാപകർ | PTA |
| മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | ഇ - കമ്പ്യൂട്ടറിംഗ് :<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, IT അധ്യാപകർ | മലയാളം ക്ലബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചു കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | രംഗാവിഷ്കാരം : പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരൻമാരെയും മറ്റ് കലാകാരൻമാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശിൽപശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | PTA, സ്കൂൾ | PTA |
| കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് FM അവതരണ മികവ്. | സെന്റ്മേരീസ് എഫ്.എം. വിശേഷദിവസങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാ ദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ PTA |

# CHATHANUR GHSS
## ACADEMIC MASTER PLAN 2025-26
## UP HINDI

| Sl. NO; | പ്രോഗ്രാം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1 അക്ഷരം എഴുത്തു<br>2 .ചിഹ്നം ഉറപ്പിക്കൽ<br>3 .അക്ഷര കാർഡ് ,വാക്കുകൾ എഴുതിയ കാർഡ് .<br>4 .ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>5 ,വാക്കുകൾ നിർമ്മിക്കൽ<br>6 .വാക്യങ്ങൾ നിർമ്മിക്കൽ | ജൂൺ മുതൽ ഓഗസ്റ്റ് വരെ | അക്ഷര ചാർട്ട് പാഠപുസ്തകം | BRC DIET റിസോഴ്സ് അധ്യാപകർ |
| 2 | വീട് ഒരു വിദ്യാലയം (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ എല്ലാ വസ്തുക്കളുടെയും പേര് ഹിന്ദിയിൽ | 1.ഗൃഹോപകരണങ്ങളുടെ പേരുകൾ ഹിന്ദിയിൽ പട്ടികപ്പെടുത്തൽ<br>2 .ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി നിഘണ്ടു | PTA, BRC, |

| | | | | | |
|---|---|---|---|---|---|
| | പഠിക്കുക ) | പരിശീലിക്കാനു ള്ള അവസരം<br>3 .CWSN കുട്ടികളുടെ പങ്കാളി ത്തം | | | |
| 3 | ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക ചിന്തകൾ വികസിപ്പിക്കാനു മുള്ള അവസരം | 1.ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ (ഹിന്ദി ദിനങ്ങൾ സെപ്റ്റംബർ 14 ജനുവരി 10 )<br>2.ക്ലാസ്സ് ലൈബ്രറി<br>3.ചിത്രം -<br>4.അടിക്കുറിപ്പ്<br>5.ചിത്രം -കഥ പറയൽ<br>6.വായനമൂല<br>7.ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ കഥാ പൂരണം | നവംബ ർ മുതൽ ഫെബ്രു വരി വരെ | പുസ്തകങ്ങൾ | BRC<br>DIET<br>PTA |

# ACADEMIC MASTER PLAN MATHEMATICS (UP)

GHSS · CHATHANUR, 2025-26

| SL No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | ഗണിത ശില്പശാല: കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് .. ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2. | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജീകരിക്കൽ. ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബ് അംഗങ്ങളും. | |
| 3. | ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകരും [illegible] | പി.ടി.എ. |
| 4. | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തൽ | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇവ പോലുള്ള പ്രവർത്തനങ്ങൾ I.T സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 5. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയ്ഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. |
| 6. | വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG |
| 7. | ഗണിത അറിവ് വർദ്ധിപ്പിക്കൽ | കുട്ടികളിൽ ഗണിത അറിവ് വർദ്ധിപ്പിക്കാനായി, ഗണിത ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കും; ശരിയുത്തരം നൽകുന്നവരിൽ തെരഞ്ഞെടുക്കപ്പെട്ട ൨ കുട്ടിക്ക് സമ്മാനം നൽകുന്നു. | മാസത്തിൽ ൨ തവണ | ഗണിത അധ്യാപകർ. |

യൂ.പി : സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനശേഷികൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ. | ക്ലാസ്സിൽ നിന്ന് കാര്യത്തിലേക്ക് <br> * കളികളിലൂടെ അടിസ്ഥാനശേഷികൾ പരിശോധിക്കുന്നു. <br> * നദികൾ, ഭൂപ്രകൃതി, സ്ഥാനങ്ങൾ എന്നിവയിലെ അടിസ്ഥാന വിവരങ്ങൾ. | ജൂൺ <br> അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 2) പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക. | Field trip <br> * ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ (മലകൾ, സ്മാരകങ്ങൾ) സന്ദർശിക്കുന്നു <br> * ICT സാധ്യതകളുപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 3) ജനാധിപത്യപരമായ ജീവിതരീതി പരിചയപ്പെടുത്തുക. | * ഗ്രാമസഭ, പഞ്ചായത്ത് സന്ദർശിക്കുക. <br> * ക്ലാസ് സഭ, സ്കൂൾ സഭ, വാർഡ് മെമ്പറുമായുള്ള അഭിമുഖം. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് ബോധവാന്മാരാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി ദുരന്തം : നേർക്കാഴ്ച. <br> * ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ദൃശ്യങ്ങളിലൂടെ അവബോധം ഉണ്ടാക്കുന്നതിനായുള്ള സഹായകങ്ങളോട് ക്ലാസുകൾ സംഘടിപ്പിക്കുക. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രാപ്തരാക്കുന്നു. | സാമൂഹ്യ സേവനം<br>* പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ സന്ദർശിക്കുക.<br>* ദുരിതബാധിതർക്ക് കഴിയുന്ന സേവനങ്ങൾ എത്തിച്ചുകൊടുക്കുക.<br>* | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും കോവിഡിന്റെ പ്രവർത്തനങ്ങളെ കുറിച്ചും വിദ്യാർഥികളെ ബോധവൽക്കരിക്കുന്നു. | * സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും (ടി.എസ്) പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്ക് റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നി വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | * മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമാകുന്ന ജലാശയങ്ങൾ, കാവുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു.<br>* പോസ്റ്റർ രചന നിർമ്മാണം | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| 8) സാമൂഹ്യ ശാസ്ത്ര വിഷയങ്ങളോട് കുട്ടികളെ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കുന്നു. | • ദുർബല വിഭാഗങ്ങളിലേക്ക്<br>* മന്ദഗതി പഠിതാക്കൾക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |

## യു.പി വിഭാഗം സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1. ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | പാഠഭാഗങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന കൃഷിരീതികളും നടീൽ വസ്തുക്കളും ഉപയോഗപ്പെടുത്തി ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, എന്നിവയും ജൈവവൈവിധ്യപാർക്കും നിർമ്മാണം | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് മെമ്പേഴ്സ്, ഹരിതക്ലബ്ബ് അംഗങ്ങൾ |
| | <u>കണ്ടറിയാനൊരു യാത്ര</u><br>സസ്യങ്ങളിലെ വിഷാംശമുള്ള സസ്യങ്ങളെ കണ്ടെത്തി ബോധവത്കരണം, പ്രാദേശിക കാർഷിക സർവ്വകലാശാല സന്ദർശനം വഴി ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് തുടങ്ങിയ രീതികൾ പരിചയപ്പെടൽ. | ജൂൺ – ആഗസ്റ്റ്. | ശാസ്ത്രാധ്യാപകർ ഏഴാം ക്ലാസ്സ് വിദ്യാർത്ഥികൾ. |
| | <u>പരീക്ഷണം</u><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘുപരീക്ഷണങ്ങൾ നടത്തുന്നു. പുതിയതായി കിട്ടിയ ശാസ്ത്ര ഉപകരണങ്ങൾ ശാസ്ത്രകിറ്റുകളായി രൂപപ്പെടുത്തി പരീക്ഷണത്തിന് സജ്ജമാക്കുന്നു. പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. | ജൂൺ – മാർച്ച് | ശാസ്ത്രാധ്യാപകർ ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്. |
| 2. ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള | | | |

| | | | |
|---|---|---|---|
| കഴിവ് വർദ്ധിപ്പിക്കുക | ഊർജ്ജക്ലബ്ബ്, ആരോഗ്യക്ലബ്ബ്, ശാസ്ത്രക്ലബ്ബ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിദഗ്ദരെ സംഘടിപ്പിച്ച് വിഷയാവതരണവും വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ, റിപ്പോർട്ട് അവതരണം മുതലായവ. | ആഗസ്റ്റ് മുതൽ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ്, ഊർജ്ജക്ലബ്ബ്. |
| | <u>ശാസ്ത്രക്വിസ്</u><br>ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് ആഴ്ച്ചയിൽ നൂറ് ചോദ്യങ്ങൾ തയ്യാറാക്കി കുട്ടികളിലേക്കെത്തിക്കുകയും ഓരോ ആഴ്ച്ചയിലും ക്വിസ് നടത്തി വിജയികളെ പ്രഖ്യാപിക്കുകയും ചെയ്യും.<br>ശാസ്ത്രമേളകളും ശാസ്ത്രോത്പന്ന പ്രദർശന മേളകളും സംഘടിപ്പിക്കുക.<br>ഭക്ഷ്യമേളകൾ സംഘടിപ്പിക്കുക. | അക്കാദമിക വർഷം | ശാസ്ത്രക്ലബ്ബ്. |
| 3) ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനികശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | <u>ആകാശയാത്ര</u><br>ആകാശഗോളങ്ങളെ കുറിച്ച് വ്യക്തമായ ധാരണകൾ സൃഷ്ടിക്കുന്നതിനായി ഇത്തരം മേഖലകളിലുള്ളവരുടെ ക്ലാസ്സുകൾ സംഘടിപ്പിച്ച് ടെലസ്കോപ്പിലൂടെ ആകാശഗോളങ്ങളെ ദർശിക്കാനുള്ള അവസരം ഒരുക്കുന്നു. | അക്കാദമിക വർഷാവസാനം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് അംഗങ്ങൾ. |

GHSS CHATHANUR

അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക് - 2025-26

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| വായന<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക. | - അറബിക് ലൈബ്രറി ശാക്തീകരണം<br>- അറബിക് ലൈബ്രറി വിപുലം കാര്യക്ഷമമാക്കുന്നു.<br>- വായനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസം<br>ജൂൺ- നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | BRC, DIET<br>പൂർവ്വ വിദ്യാർത്ഥികൾ, സ്പോൺസർഷിപ്പ് |
| എഴുത്ത്<br>എഴുതുവാനുള്ള കഴിവ് വികസിപ്പിക്കുക. | - ക്ലാസ് കയ്യെഴുത്ത് മാസികകൾ നിർമിക്കുന്നു. മികച്ചതിന് സമ്മാനം<br>- കാലിഗ്രഫി മത്സരം സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ- നവംബർ | | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ |
| അറിവിൻ തിളക്കം<br>അറബിയിൽ അറിവ് നേടുക. | - ഡെയ്‌ലി ക്വിസ് കാർണിവൽ<br>- ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. ഉത്തരം സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു. ശരിയുത്തരം നൽകിയവർക്ക് സമ്മാനം. | ജൂലൈ മുതൽ എല്ലാ മാസവും | ബോക്സ്, നോട്ടീസ് ബോർഡ്, ലാപ്ടോപ്പ് | അധ്യാപകർ, പൂർവ്വ വിദ്യാർത്ഥി സ്പോൺസർഷിപ്പ്. |
| പ്രതിഭകളെ കണ്ടെത്തൽ | - പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു.<br>- അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | | പോസ്റ്ററുകൾ | അധ്യാപകർ |

GHSS CHATHANUR ①

# അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക് - 2025-26

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- |
| ദിനാചരണങ്ങൾ<br>ദിനാചരണങ്ങളെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു. | ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ ഉണ്ടാക്കി വാട്സ് ആപ്പിൽ status ആക്കുന്നു. | ജൂൺ-മാർച്ച് വരെ | കമ്പ്യൂട്ടർ, ടിവി, പ്രൊജക്ടർ | അധ്യാപകർ |
| അറബിക് ഫെസ്റ്റ്<br>അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ | അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം, വീഡിയോ പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ | | |
| അറബിക് റേഡിയോ<br>അറബി ആശയവിനിമയത്തിനും ആസ്വാദനത്തിനും ഉള്ള അവസരം ഉണ്ടാകുന്നു. | അറബി ഭാഷയിൽ സ്കൂൾ റേഡിയോ വഴി കുട്ടികളുടെ കഴിവുകളെ പ്രദർശിപ്പിക്കുന്നു. | ജൂൺ-മാർച്ച് | മൈക്ക്, സ്പീക്കർ | അധ്യാപകർ |

## കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്കെത്തിക്കൽ | എല്ലാ ദിവസവും രാവിലെയും വൈകീട്ടും അവധി ദിവസങ്ങളിലും 1 വർഷം | കായികാധ്യാപകൻ | പി.ടി.എ., 50,000/- |
| | എ).ഫുട്ബോൾ ഡെബോർഡിംഗ് പരിശാലനം. | | | |
| | രാവിലെയും വൈകീട്ടും 30 ആൺ കുട്ടികൾക്കും 50 പെൺകുട്ടികൾക്കും ക്ലാസ് സമയത്തിന് മുമ്പും പിമ്പും പരിശീലനം | 1 വർഷക്കാലം | കായികാധ്യാപകൻ | - |

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ. • കായിക മത്സരങ്ങളിൽ മികവിലേക്കെത്തിക്കൽ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഫുട്ബോൾ, വോളിബോൾ തുടങ്ങിയ കളികളിൽ പരിശീലനം നൽകൽ. സംസ്ഥാനതല, ദേശീയതല മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ | കായികാധ്യാപകൻ | ജൂൺ മുതൽ എല്ലാ ദിവസവും 2 വർഷം | പി.ടി.എ., |

## ഉപസംഹാരം

ചാത്തന്നൂർ ഗവ.ഹയർ സെക്കന്ററി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്

*********